ഉത്തരം

(എ) കൃഷിയും അതിനോട് ബന്ധപ്പെട്ട മണ്ണുസംരക്ഷണം, കന്നുകാലിവളർത്തൽ, തീറ്റപ്പുൽകൃഷി, മൽസ്യകൃഷി, വനവൽക്കരണം തുടങ്ങിയ മേഖലകളിലെ വികസനമാണ് ഉദ്ദേശിക്കുന്നത്.

(ബി) നൂറു ശതമാനം.

(സി) 395 ലക്ഷം രൂപ ചെലവായി.

(ഡി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 114 ബ്ലോക്കുകളിലാണ് പദ്ധതി പ്രവർത്തനം ഇപ്പോഴും നടത്തിവരുന്നത്. കൂടുതൽ വാട്ടർഷെഡുകളും തെരഞ്ഞെടുത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

തണ്ണീർമുക്കം ബണ്ട് അടയ്ക്കാൻ നടപടി

34 [1967] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കം ബണ്ട് പൊട്ടിയതുമൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കണമെന്നുള്ള മെമ്മോറാണ്ടം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെന്ത് നടപടിയെടുത്തെന്ന് വ്യക്തമാക്കുമോ;

(സി) തണ്ണീർമുക്കം ബണ്ട് പൊട്ടുന്നത് തടയുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) തണ്ണീർമുക്കം ബണ്ടിന് 62 ഓപ്പറേറ്റിംഗ് ഷട്ടറുകളും ഉണ്ട്. ഈ ഷട്ടറുകളും എല്ലാംതന്നെ ഏകദേശം 40 വർഷം പഴക്കമുള്ളതും കാലപ്പഴക്കത്താൽ ക്ഷയിച്ചവയുമാണ്. ഇവയിൽ പൂർണ്ണമായും കേടുസംഭവിച്ച 15 എണ്ണം മാറ്റി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. രൂക്ഷമായ വേലിയേറ്റം നിമിത്തം 1995 ഡിസംബർ 22-ാം തീയതി 15-ാമതു ഷട്ടർ ഒഴുകിപ്പോയതുകൊണ്ട് പകരം സ്ഥാപിച്ചിട്ടുണ്ട്, ജലസേചന വകുപ്പിന്റെ കൈവശമുള്ള 16 ഷട്ടറുകളും നന്നാക്കി മാറ്റി സ്ഥാപിക്കാനും കേടുസംഭവിച്ച 46 എണ്ണം അറ്റകുറ്റപ്പണികളും ചെയ്തു ബലപ്പെടുത്തുവാനും നടപടികളും എടുത്തുവരുന്നു.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

35 [1968] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിലെ 30 വർഷത്തിലേറെ സർവീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly